**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **08-08-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത വകയിലും കിറ്റ് വിതരണം ചെയ്ത വകയിലും സപ്ലൈകോയ്ക്ക് എത്ര തുക നൽകുവാനുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | വിപണിയിടപെടൽ പദ്ധതി നടപ്പാക്കിയതിൽ സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ സർക്കാരിൽ നിന്നും **2010-11** സാമ്പത്തിക വർഷം മുതൽ **2022-23** സാമ്പത്തിക വർഷം വരെ **1432.33** കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. കൂടാതെ കിറ്റ് വിതരണം ചെയ്ത വകയിൽ താഴെ പറയും പ്രകാരവും തുകകൾ സർക്കാരിൽ നിന്നും കുടിശികയായിട്ടുണ്ട്.<br><br>സ്കൂൾ വിദ്യാർത്ഥികൾക്കുള്ള കിറ്റ്<br><br>**2020-21, 2021-22 - 128.48** കോടി<br><br>അതിഥി തൊഴിലാളി കിറ്റ്<br><br>**2020,2021 - 11.14** കോടി<br><br>മത്സ്യതൊഴിലാളി കിറ്റ് **2021 – 16.08** കോടി<br><br>ക്വാറന്റൈൻ കിറ്റ് **2020 – 2.03** കോടി<br><br>03/08/2023 ലെ സ.ഉ. (സാധാ) നം. 334/2023/ ഭ.പൊ.വി.വ പ്രകാരം വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി **70** കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നെല്ല് സംഭരണം നടത്തിയത് വഴി സപ്ലൈകോയ്ക്ക് എത്ര രൂപ കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | നെല്ല് സംഭരണം നടത്തിയത് വഴി സംസ്ഥാന പ്രോത്സാഹന ബോണസിന ത്തിൽ (നെല്ല് സംഭരണം) മെയ് 2022 മുതൽ ജൂൺ2023 വരെ 666.69 കോടിയും ഔട്ട് ടേൺ റേഷ്യോ ഡിഫറൻസിനത്തിൽ (നെല്ല് സംഭരണം) 1.04.2019 മുതൽ 31.07.2022 വരെ 286.96 കോടി രൂപയും കുടിശ്ശികയുണ്ട്. 31/7/2023ലെ സ.ഉ. (സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02/08/2023ലെ സ.ഉ.(സാധാ)നം. |

| | | | |
|---|---|---|---|
| | | | 331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | സപ്ലൈക്കോ സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഇല്ല. ഓണ വില്പന കണക്കിലെടുത്ത് സപ്ലൈകോ സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടാകാതിരിക്കാൻ വേണ്ടി താഴെ പറയുന്ന അളവിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതു പ്രകാരമുള്ള സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിൽ വിതരണത്തിനായി എത്തുകയും ചെയ്യുന്നതാണ്.<br><br>1) പയർ വർഗ്ഗങ്ങൾ - 66000 ക്വിന്റൽ<br><br>2) പഞ്ചസാര - 58000 ക്വിന്റൽ<br><br>3) അരി - 181000 ക്വിന്റൽ |

സെക്ഷൻ ഓഫീസർ